



# ലോക്സഭാ തിരഞ്ഞെടുപ്പ്, 2024

## ഹരിതചട്ട പാലനം സംശയങ്ങളും മറുപടികളും





കേരള സർക്കാർ

ശുചിത്വ മിഷൻ

**ലോകസഭാ തിരഞ്ഞെടുപ്പ് 2024**
**ഹരിതചട്ടപാലനം സംശയങ്ങളും മറുപടികളും**
കൈപ്പുസ്തകം

തയ്യാറാക്കിയത്
**ചീഫ് ഇലക്ടറൽ ഓഫീസർ,**
**ശുചിത്വ മിഷൻ & ഹരിതകേരളം മിഷൻ ടീമിന്റെ സഹകരണത്തോടെ**

പ്രസിദ്ധീകരണം
**ചീഫ് ഇലക്ടറൽ ഓഫീസർ,**
**ശുചിത്വ മിഷന്റെ സഹകരണത്തോടെ**

**സൗജന്യ വിതരണത്തിന്**
**മാർച്ച് 2024**



ELECTION DEPARTMENT
KERALA LEGISLATIVE COMPLEX
THIRUVANANTHAPURAM

**സഞ്ജയ് കൗൾ IAS**
**ചീഫ് ഇലക്ടറൽ ഓഫീസർ,**
**കേരളം.**

## സന്ദേശം

ലോക്സഭാ തിരഞ്ഞെടുപ്പ് 2024 ന്റെ തയ്യാറെടുപ്പിലാണ് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ പോലെ കേരളവും. ഇതിന് മുമ്പുള്ള തിരഞ്ഞെടുപ്പുകളിലും പ്രകൃതി സൗഹൃദമായ രീതിയിൽ തിരഞ്ഞെടുപ്പുകൾ നടത്തി രാജ്യത്തിന് മാതൃകയായിട്ടുള്ള സംസ്ഥാനമാണ് കേരളം. ഇപ്പോൾ മാലിന്യമുക്തം നവകേരളം എന്ന ഒരു വലിയ കാമ്പയിനുമായി നാം മുന്നോട്ട് പോവുകയാണ്. അതുകൊണ്ടുതന്നെ ഈ തിരഞ്ഞെടുപ്പ് പൂർണ്ണമായും ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ച് കൊണ്ട് നടത്താൻ നാമേവരും പ്രതിജ്ഞാബദ്ധരാണ്. സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങളിലുംപെട്ടവരുടെ സഹകരണത്തോടെ ഈ ലക്ഷ്യം നേടുന്നതിൽ നാം വിജയം വരിക്കുമെന്ന് എനിക്ക് പൂർണമായും വിശ്വാസമുണ്ട്.

ഗ്രീൻ പ്രോട്ടോക്കോൾ സംബന്ധിയായി ഉയർന്നു വരാനിടയുള്ള സംശയങ്ങൾ ദൂരീകരിക്കുക എന്ന ഉദ്ദേശത്തോടെ ചീഫ് ഇലക്ടറൽ ഓഫീസറുടെ കാര്യലയം ശുചിത്വമിഷന്റെ സഹകരണത്തോടെ തയാറാക്കിയ കൈപ്പുസ്തകം നിങ്ങൾക്ക് മുന്നിൽ സമർപ്പിക്കുന്നതിൽ ഞാൻ ഏറെ സന്തോഷിക്കുന്നു. ഈ കൈപ്പുസ്തകത്തിൽ വിഭാവനം ചെയ്ത രീതിയിൽ പൂർണമായും ഹരിത പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് വിജയകരമായി തിരഞ്ഞെടുപ്പ് പക്രിയ പൂർത്തിയാക്കി വീണ്ടുമൊരിക്കൽ കൂടി രാജ്യത്തിന് മാതൃകയാകാൻ നമുക്ക് കഴിയുമെന്ന് ഞാൻ കരുതുന്നു.

ആശംസകളോടെ,

സഞ്ജയ് കൗൾ IAS
ചീഫ് ഇലക്ടറൽ ഓഫീസർ,
കേരളം.

തിരുവനന്തപുരം
16/03/2024

# ലോക്സഭാ തിരഞ്ഞെടുപ്പ്, 2024
# ഹരിതചട്ട പാലനം സംശയങ്ങളും മറുപടികളും

പരിസ്ഥിതി സൗഹൃദ ജീവിതത്തിന്റെ ആവശ്യകത ഏറെ മുമ്പേ തന്നെ തിരിച്ചറിഞ്ഞ മലയാളി സമൂഹം സാമൂഹിക ജീവിതത്തിന്റെ വിവിധ മേഖലകളിൽ ഈ തിരിച്ചറിവിന് പ്രായോഗിക രൂപം നല്കാൻ ശ്രമിച്ചിട്ടുണ്ട്. ഉത്സവങ്ങളും ആഘോഷങ്ങളും മാത്രമല്ല തിരഞ്ഞെടുപ്പ് വേളകളിലും ഹരിത പ്രോട്ടോക്കോൾ ഉയർത്തിപ്പിടിക്കാൻ കഴിഞ്ഞ കുറച്ചു വർഷങ്ങളായി നാം ശ്രമിച്ചു വരികയാണ്. ഇങ്ങനെയുള്ള കാര്യക്ഷമമായ ഇടപെടലുകളിലൂടെ ഈ അവസരങ്ങളിൽ ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കാനും നമ്മുടെ പൊതുസ്ഥലങ്ങളും ജലാശയങ്ങളും മലിനമാകുന്നത് ഒരതിരുവരെയെങ്കിലും തടയാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്.

നമ്മുടെ സംസ്ഥാനത്തെ പൂർണമായും മാലിന്യമുക്തമാക്കുകയെന്ന ഉദ്ദേശത്തോട് കൂടിയുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണല്ലോ. ഈ സാഹചര്യത്തിൽ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും ഹരിത പ്രോട്ടോക്കോൾ പാലിച്ചുകൊണ്ടാണ് നടക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്.

കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ മാർഗനിർദേശങ്ങളിൽ തിരഞ്ഞെടുപ്പിന്റെ നടത്തിപ്പിനും പ്രചാരണ പ്രവർത്തനങ്ങൾക്കും പ്രകൃതി സൗഹൃദ വസ്തുക്കൾ മാത്രമേ ഉപയോഗിക്കാവൂ എന്ന് നിർദേശിച്ചിട്ടുണ്ട്. WP(C)7193/19 കേസിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവ് അനുസരിച്ച് തിരഞ്ഞെടുപ്പ് വേളയിൽ പൊതുസ്ഥലങ്ങളിൽ ഫ്ളക്സ് ഉൾപ്പെടെയുള്ള നിരോധിത വസ്തുക്കൾ അടങ്ങുന്ന പ്രചാരണ സമഗ്രികൾ ഉപയോഗിക്കാൻ പാടില്ലാത്തതാണ്. സംസ്ഥാന ചീഫ് ഇലക്ടറൽ ഓഫീസറും ഇതനുസരിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് രാഷ്ട്രീയ പാർട്ടികൾക്കും, തിരഞ്ഞെടുപ്പ് ചുമതലയുള്ള ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും ഉണ്ടാവാനിടയുള്ള സംശയങ്ങൾ ദൂരീകരിച്ച് പ്രസ്തുത ഉത്തരവുകൾ പൂർണമായി നടപ്പിലാക്കാൻ ആവശ്യമായ സാഹചര്യം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടു കൂടിയാണ് ഈ കൈപ്പുസ്തകം പ്രസിദ്ധീകരിക്കുന്നത്.



## എന്താണ് ഹരിത തിരഞ്ഞെടുപ്പ് എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്?

തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുടെ ഭാഗമായി ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങളുടെ അളവ് പരമാവധി കുറക്കുകയും കഴിയുന്നിടത്തോളം തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രകൃതി സൗഹൃദ സാധന സാമഗ്രികൾ മാത്രം ഉപയോഗിക്കുകയും ചെയ്യുന്ന രീതിയിലുള്ള തിരഞ്ഞെടുപ്പിനെയാണ് ഹരിത തിരഞ്ഞെടുപ്പ് എന്ന വാക്ക് കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ ലോക്സഭാ തിരഞ്ഞെടുപ്പ് ഈ ഒരു രീതിയിൽ സംഘടിപ്പിക്കുന്നതിന് തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരും സ്ഥാനാർഥികളും തുടങ്ങി സമ്മതിദായകരും അല്ലാത്തവരുമായ പൊതുജനങ്ങളടക്കം തിരഞ്ഞെടുപ്പ് പ്രക്രിയയുമായി ബന്ധപ്പെടുന്ന മുഴുവൻ പേരുടെയും സഹകരണം ആവശ്യമാണ്.

## തിരഞ്ഞെടുപ്പ് വേള മാലിന്യ നിർമാർജന വിഷയത്തിൽ വെല്ലുവിളികൾ ഉയർത്തുന്നത് എങ്ങനെയെല്ലാമാണ്?



20 ലോക്സഭാ മണ്ഡലങ്ങളിലായി കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള ഏതാണ്ട് ഇരുപത്തയ്യായിരത്തിൽ അധികം ബൂത്തുകളിലായാണ് തിരഞ്ഞെടുപ്പ് നടക്കുന്നത്. മൂന്ന് പ്രമുഖ മുന്നണികളും വീറോടും വാശിയോടും കൂടി രണ്ടര കോടിയോളം വരുന്ന വോട്ടർമാരിലേക്ക് തങ്ങളുടെ സന്ദേശങ്ങൾ എത്തിക്കാനും അവരെ ഈ ബൂത്തുകളിലേക്ക് എത്തിക്കാനുമായി തങ്ങളാൽ സാധ്യമായ എല്ലാ പ്രയത്നങ്ങളും നടത്തും. ഈ തിരഞ്ഞെടുപ്പിൽ പ്രചാരണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന സാമഗ്രികളും പ്രചാരണ രംഗത്തുള്ളവർ ഭക്ഷണ കുടിവെള്ള ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന (ഒറ്റത്തവണ മാത്രം ഉപയോഗിക്കാൻ കഴിയുന്ന) ജൈവ അജൈവ സ്വഭാവമുള്ള പ്ലേറ്റുകളും കപ്പുകളും കുപ്പികളും ഭക്ഷണാവശിഷ്ടങ്ങളും ചേർന്ന് എത്ര വലിയ മാലിന്യ നിക്ഷേപമാണ് സൃഷ്ടിക്കപ്പെടുന്നതെന്ന് ആലോചിച്ചു നോക്കൂ. തിരഞ്ഞെടുപ്പ് ദിവസം തിരഞ്ഞെടുപ്പ് കേന്ദ്രങ്ങളിലും പരിസര പ്രദേശങ്ങളിലും സൃഷ്ടിക്കപ്പെടുന്ന മാലിന്യങ്ങൾ ഇതിനും പുറമെയാണ്. സംസ്ഥാനമൊട്ടാകെ 5000 ടണ്ണിൽ കൂടുതൽ മാലിന്യം ഈ തിരഞ്ഞെടുപ്പ് കാരണം സൃഷ്ടിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇങ്ങനെ സൃഷ്ടിക്കപ്പെടുന്ന മാലിന്യങ്ങളുടെ അളവ് കാര്യക്ഷമമായ ഇടപെടലുകളിലൂടെ കുറക്കുകയും അവശേഷിക്കുന്ന മാലിന്യങ്ങളുടെ ശാസ്ത്രീയ സംസ്കരണം ഉറപ്പാക്കുകയും വഴി അവ നമ്മുടെ മണ്ണും ജലസമ്പത്തും മലിനമാക്കുന്നതിനെ എങ്ങനെ തടയാമെന്ന് നമുക്ക് നോക്കാം.



## ഏതൊക്കെ തരത്തിലുള്ള ബോർഡുകളും ബാനറുകളും ഉപയോഗിക്കാം?

ഫ്ളക്സ് ബോർഡുകളും ബാനറുകളും കൂടാതെ കണ്ടാൽ തുണിയോട് സാമ്യമുള്ള നോൺ വുവൻ പോളിപ്രൊപ്പലീൻ കൊണ്ടുള്ള ബോർഡുകളും ബാനറുകളും നിരോധിക്കപ്പെട്ടതാണ്. ഇവ നമ്മുടെ പ്രകൃതിയെ ഗുരുതരമായി ബാധിക്കുന്നത്

കൊണ്ടാണ് അങ്ങനെ ചെയ്തിട്ടുള്ളത്. ഇവയ്ക്ക് ബദലായി 100% കോട്ടൺ തുണിയിൽ എഴുതി തയാറാക്കുന്നവയും അല്ലെങ്കിൽ കോട്ടൺ തുണിയും പേപ്പറും ചേർന്ന് നിർമിക്കുന്ന വസ്തുവിൽ പ്രിന്റ് ചെയ്യപ്പെടുന്ന ബോർഡുകളും ബാനറുകളും ഉപയോഗിക്കാവുന്നതാണ്. കൂടാതെ പനമ്പായ, പുൽപ്പായ, ഓല, ഈറ, മുള, പാള തുടങ്ങിയ പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ചും ആകർഷകങ്ങളായ പ്രചാരണ സാമഗ്രികൾ തയാറാക്കാൻ കഴിയും. പ്രചാരണത്തിന് കഴിയുന്നത്ര ഡിജിറ്റൽ സാധ്യതകളും ഉപയോഗിക്കണം.

## കൊടി തോരണങ്ങൾ എങ്ങിനെയുള്ളവ ആയിരിക്കണം?



കൊടികളും തോരണങ്ങളും തുണിയിലോ പേപ്പറിലോ നിർമിക്കാം. ഒരു സാഹചര്യത്തിലും പ്ലാസ്റ്റിക് കലർന്ന തുണി ഉപയോഗിക്കാതെയിരിക്കാം. തോരണങ്ങൾ പേപ്പറിലോ കോട്ടൺ തുണിയിലോ മാത്രം മതിയെന്ന് വയ്ക്കാം. നോൺ വുവൻ പോളിപ്രൊപ്പലീൻ കൊണ്ടുള്ള കൊടിതോരണങ്ങൾ പൂർണമായും ഒഴിവാക്കേണ്ടതാണ്.



## പ്രചാരണ സമയത്ത് ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് കുടിവെള്ള ബോട്ടിലുകൾക്ക് പകരം എന്ത് സംവിധാനമാണ് ഒരുക്കാൻ കഴിയുക?

പ്രചാരണ സമയത്ത് സ്ഥാനാർഥിയും മറ്റ് സഹപ്രവർത്തകരും കയ്യിൽ സ്റ്റീൽബോട്ടിലുകൾ കരുതുകയാണെങ്കിൽ പ്ലാസ്റ്റിക് കുടിവെള്ള ബോട്ടിലുകൾ ഒഴിവാക്കാൻ കഴിയും. പ്രചാരണ വാഹനങ്ങളിൽ വാട്ടർ ഡിസ്പെൻസറുകളും സ്റ്റീൽ കപ്പുകളും കരുതിയും പ്ലാസ്റ്റിക് കുടിവെള്ള ബോട്ടിലുകൾ ഒഴിവാക്കാം.

## പ്രചാരണ വാഹനങ്ങൾ ഒരുക്കുമ്പോൾ എന്തൊക്കെ ശ്രദ്ധിക്കണം?



വാഹനങ്ങൾ അലങ്കരിക്കുന്നതിന് പ്രകൃതി സൗഹൃദ വസ്തുക്കൾ മാത്രം ഉപയോഗിക്കാൻ ശ്രദ്ധിക്കണം. ഫ്ളക്സും പ്ലാസ്റ്റിക്കും തെർമോക്കോളും ഉൾപ്പെടെയുള്ള സാധനങ്ങൾ പൂർണമായും ഒഴിവാക്കി കോട്ടൺ തുണിയും പേപ്പറും പോലെയുള്ള പ്രകൃതി സൗഹൃദ വസ്തുക്കൾ മാത്രം ഉപയോഗിച്ച് വാഹനങ്ങൾ അലങ്കരിക്കാം.



## സ്ഥാനാർഥികളുടെ സ്വീകരണ പരിപാടികളും മറ്റും എങ്ങനെ പ്രകൃതി സൗഹൃദമാക്കാം?

സ്ഥാനാർഥികളെ സ്വീകരിക്കാൻ വേണ്ടി അണിയിക്കുന്ന ഹാരങ്ങളും മറ്റും പൂർണമായും പ്ലാസ്റ്റിക് മുക്തമാക്കാം. പകരമായി പൂക്കൾ ഉപയോഗിച്ച് ഉണ്ടാക്കിയ ഹാരങ്ങൾ, കോട്ടൺ റിബ്ബൺ ഹാരങ്ങൾ, കോട്ടൺ ഷാളുകൾ തുടങ്ങിയവ ഉപയോഗിക്കാം. ഉപഹാരങ്ങളായി പുസ്തകങ്ങളും പഴക്കൂടകളും നൽകാവുന്നതാണ്.

## ഭക്ഷണ സമയത്ത് എന്തൊക്കെ ശ്രദ്ധിക്കണം?



പ്ലാസ്റ്റിക്കിലും തെർമോക്കോളിലും ഉള്ള പാർസൽ പാക്കിങ്ങുകളിൽ ഭക്ഷണം വരുത്തരുത്. പേപ്പർ/പ്ലാസ്റ്റിക്/ തെർമോക്കോൾ എന്നിവയിൽ നിർമിതമായ ഡിസ് പോസിബൾ കപ്പുകൾ/പ്ലേറ്റുകൾ തുടങ്ങിയവ ഒഴിവാക്കി പകരം സ്റ്റീൽ പ്ലേറ്റുകൾ സ്റ്റീൽ/ചില്ല് ഗ്ലാസുകൾ എന്നിവ ഉപയോഗിക്കാം. തിരഞ്ഞെടുപ്പ് ഓഫീസുകളിൽ ഇതിനാവശ്യമായ പ്ലേറ്റുകളും ഗ്ലാസുകളും കരുതി വെയ്ക്കാം. ഇങ്ങനെ ചെയ്യുന്ന തിലൂടെ തന്നെ ടൺ കണക്കിന് മാലിന്യം ഉണ്ടാവുന്നത് നമുക്ക് തടയാൻ പറ്റും.



## മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട സന്ദേശങ്ങൾ ജനങ്ങളിൽ എത്തിക്കാൻ തിരഞ്ഞെടുപ്പ് എങ്ങിനെ ഒരവസരമാക്കാം?

തിരഞ്ഞെടുപ്പിന്റെ ഭാഗമായി തയാറാക്കുന്ന നോട്ടീസുകളിലും പോസ്റ്ററു കളിലും ഇതുമായി ബന്ധപ്പെട്ട സന്ദേശങ്ങൾ പ്രദർശിപ്പിക്കാം.

## ആർച്ചുകൾ തയാറാക്കുമ്പോൾ എന്തൊക്കെ ശ്രദ്ധിക്കണം?



ആർച്ചുകളിൽ പ്രകൃതി സൗഹൃദമല്ലാത്ത വസ്തുക്കൾ ഉപയോഗിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക. ആർച്ചുകൾ ഉണ്ടാക്കുന്നത് സ്റ്റീൽ/ ഇരുമ്പ്/ അലൂമിനിയം/ തടി ഫ്രെയിമുകളും തുണിയും ഉപയോഗിച്ചാണെങ്കിലും ഇവയിൽ തെർമൊക്കോൾ അക്ഷരങ്ങൾ പിടിപ്പിക്കുന്നത് അനുവദനീയമല്ല. പകരം കോട്ടൺ തുണിയിലോ പേപ്പറിലോ എഴുതിയ സന്ദേശങ്ങൾ പ്രദർശിപ്പിക്കണം.



## വോട്ടെടുപ്പിന് ശേഷം?

ബോർഡുകളും കൊടിതോരണങ്ങളും മറ്റ് പ്രചാരണ സാമഗ്രികളും സ്ഥാപിച്ചവർ തന്നെ അഴിച്ചുമാറ്റി തരം തിരിച്ച് ഹരിത കർമ സേനക്കോ മറ്റ് അംഗീകൃത ഏജൻസിക്കോ നല്കി അവയുടെ ശാസ്ത്രീയമായ സംസ്കരണം ഉറപ്പാക്കണം.

## മാർഗനിർദ്ദേശങ്ങൾക്ക് ആരെ സമീപിക്കാം?



തിരഞ്ഞെടുപ്പിൽ ഹരിത പെരുമാറ്റ ചട്ടം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ തലം മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപന തലം വരെ സഹായ സഹകരണങ്ങൾക്കും മാർഗനിർദേശങ്ങൾക്കും ഹരിത കേരള മിഷന്റെയും ശുചിത്വമിഷന്റെയും ജില്ലാ ഓഫീസുകളുമായി ബന്ധപ്പെടാവുന്നതാണ്.

## പോളിങ് ബൂത്തുകൾ ഒരുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- ❖ കുടിവെള്ള ഡിസ്പെൻസറുകൾ തയാറാക്കി വെയ്ക്കുക, വെള്ളമെടുത്ത് കുടിക്കാൻ സ്റ്റീൽ/കുപ്പി ഗ്ലാസുകൾ ഒരുക്കുക.
- ❖ മാലിന്യം തരം തിരിച്ചു നിക്ഷേപിക്കാൻ ബിന്നുകൾ സ്ഥാപിക്കുക.
- ❖ മാലിന്യം നീക്കം ചെയ്യാൻ ഹരിത കർമ സേനയുമായി കരാറിൽ ഏർപ്പെടുക
- ❖ പോളിങ് ഉദ്യോഗസ്ഥർക്കുള്ള ഭക്ഷണം പ്ലാസ്റ്റിക് കണ്ടയിനറുകളിലോ സഞ്ചികളിലോ വിതരണം ചെയ്യാതിരിക്കുക.
- ❖ ബൂത്തുകളിൽ ഭക്ഷണം കഴിക്കാൻ ഡിസ്പോസിബൾ ഗ്ലാസുകളും പ്ലേറ്റുകളും ഉപയോഗിക്കാതിരിക്കുക.

## തിരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസുകൾ / ബൂത്തുകൾക്കു മുന്നിലെ കൗണ്ടറുകൾ ഒരുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- ❖ അലങ്കരിക്കാൻ പ്ലാസ്റ്റിക് വസ്തുക്കൾ ഉപയോഗിക്കാതിരിക്കാം.
- ❖ മാലിന്യം തരം തിരിച്ചു നിക്ഷേപിക്കാൻ ബിന്നുകൾ സ്ഥാപിക്കുക
- ❖ മാലിന്യം നീക്കം ചെയ്യാൻ ഹരിത കർമ സേനയുമായി കരാറിൽ ഏർപ്പെടുക
- ❖ ഭക്ഷണം പ്ലാസ്റ്റിക് കണ്ടയിനറുകളിലൊ സഞ്ചികളിലോ വിതരണം ചെയ്യാതിരിക്കുക.
- ❖ ഭക്ഷണം കഴിക്കാൻ ഡിസ്പോസിബൾ ഗ്ലാസുകളും പ്ലേറ്റുകളും ഉപയോഗിക്കാതിരിക്കുക.

പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിഞ്ഞാൽ കടുത്ത ശിക്ഷണ നടപടികൾ സ്വീകരിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകുന്ന പുതിയ നിയമ ഭേദഗതി (കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്ട്, 2024 & കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ട്, 2024) അനുസരിച്ച് പൊതു/സ്വകാര്യ സ്ഥലങ്ങളിൽ മാലിന്യം വലിച്ചറിയുന്നവർക്കെതിരെ എതിരെ സ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് ചുമത്താവുന്ന തത്സമയ പിഴത്തുക **5000** ആക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ടുള്ള കുറ്റകൃത്യങ്ങൾക്ക് ലഭിക്കാവുന്ന പരമാവധി പിഴ **50,000** രൂപയും **1** വർഷം വരെ തടവും ആക്കിയിട്ടുണ്ട്.

## ജില്ലാ മിഷനുകളുടെ നമ്പരുകൾ

| ജില്ല | ലാൻഡ്ലൈൻ നമ്പർ | മൊബൈൽ നമ്പർ |
|---|---|---|
| തിരുവനന്തപുരം | 0471 2360643 | 9495330575 |
| കൊല്ലം | 0474 2791910 | 8129927418 |
| പത്തനംതിട്ട | 0468 2322014 | 9961936830 |
| ആലപ്പുഴ | 0477 2253020 | 9809016597 |
| കോട്ടയം | 0481 2573606 | 9526809126 |
| എറണാകുളം | 0486 2232295 | 9391392193 |
| ഇടുക്കി | 0484 2428701 | 9446769947 |
| തൃശൂർ | 0487 2360154 | 9446073003 |
| പാലക്കാട് | 0483 2738001 | 9496363936 |
| മലപ്പുറം | 0491 2505710 | 9072293842 |
| കോഴിക്കോട് | 0495 2370677 | 9995940760 |
| വയനാട് | 04936 203223 | 9495568408 |
| കണ്ണൂർ | 0497 2700078 | 9400400955 |
| കാസറഗോഡ് | 0499 4255350 | 8848699968 |

| ഒഴിവാക്കേണ്ടത് | ഉപയോഗിക്കാവുന്നത് |
|---|---|
| പ്ലാസ്റ്റിക് വസ്തുക്കളടങ്ങുന്ന എല്ലാ തരം ബാനറുകൾ, ബോർഡുകൾ, ഹോർഡിങ്ങുകൾ | കോട്ടൺ തുണി, പേപ്പർ-തുണി മീഡിയം, ചണം, തടി, ലോഹങ്ങളിൽ നിർമ്മിതമായ ബോർഡുകൾ, മുള, ഈറ, പനമ്പായ, പാള മുതലായവ. |
| എല്ലാത്തരം ഡിസ്പോസബിൾ വസ്തുക്കളും പ്ലാസ്റ്റിക് കുപ്പിവെള്ളവും (പേപ്പർ/പ്ലാസ്റ്റിക്/തെർമോകോൾ എന്നിവയുൾപ്പെടെ). | വാട്ടർ ക്യാനുകൾ, സ്റ്റീൽ കുപ്പികൾ, സ്റ്റീൽ/ചില്ല് ഗ്ലാസുകൾ, സ്റ്റീൽ/സിറാമിക് പ്ലേറ്റുകൾ. |
| പ്ലാസ്റ്റിക് തോരണങ്ങൾ, തെർമോക്കോൾ ഉപയോഗിക്കുന്ന ആർച്ചുകൾ. | തുണി/പേപ്പർ തോരണങ്ങൾ, തുണിയിൽ എഴുതിയ ആർച്ചുകൾ. |
| പ്ലാസ്റ്റിക്കിൽ പൊതിഞ്ഞ ആഹാരവസ്തുക്കൾ | വാഴയിലയിൽ പൊതിഞ്ഞ് വരുന്ന ഭക്ഷണ പദാർത്ഥങ്ങൾ. |
| സ്ഥാനാർത്ഥിയെ സ്വീകരിക്കാൻ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഹാരങ്ങൾ. | പൂക്കളിലുള്ള ഹാരങ്ങൾ, കോട്ടൺ നൂൽ-തോർത്ത്, പുസ്തകം. |

"ഭരണഭാഷ - മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഇലക്ഷൻ വകുപ്പ് - ലോക് സഭാ ഇലക്ഷൻ 2024 – പരിസ്ഥിതി സൗഹൃദ തിരഞ്ഞെടുപ്പ് നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗരേഖകൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇലക്ഷൻ (ജനറൽ) വകുപ്പ്**

സം.ഉ.(സാധാ) നം.142/2024/ELEC തീയതി,തിരുവനന്തപുരം, 15-03-2024

---

പരാമർശം:

1. സ.ഉ (സാധാ) നം. 130/2021/ഇലക്. തീയതി 04.03.2021
2. DO. No. W.M3/338/2023-LSGD
3. സ.ഉ(സാധാ)നം. 966/2023/ LSGD dtd.03.05.2023
4. സ.ഉ(സാധാ)നം. 1166/2023/LSGD dtd.05/06/2023

**ഉത്തരവ്**

2024 ലെ ആസന്നമായ ലോകസഭാ തിരഞ്ഞെടുപ്പ് പരിസ്ഥിതി സൗഹൃദ തിരഞ്ഞെടുപ്പ് ആയി നടത്തുന്നതിന്റെ ഭാഗമായി ഹരിത പരിപാലനചട്ടം വിജയകരമായി നടപ്പാക്കേണ്ടതുണ്ട്. ആയതിനാൽ മനുഷ്യനും, പരിസ്ഥിതിക്കും ആപത്ക്കരമായ പ്ലാസ്റ്റിക്, പി.വി.സി, ഡിസ്പോസിബിൾ വസ്തുക്കൾ മുതലായവ പരമാവധി ഒഴിവാക്കി പുനരുപയോഗിക്കുവാൻ കഴിയുന്നതും, പുനഃചംക്രമണത്തിനു വിധേയമാക്കുവാൻ സാധിക്കുന്നതുമായ പരിസ്ഥിതി സൗഹൃദ വസ്തുക്കളുപയോഗിച്ച് 2024 ലെ ലോകസഭാ തിരഞ്ഞെടുപ്പ് പരിസ്ഥിതി സൗഹാർദ്ദമായി നടത്തുന്നതിന് സൂചന(3)(4) പ്രകാരമുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. വിവിധ സ്ഥാനാർത്ഥികളും, രാഷ്ട്രീയ പാർട്ടികളും, തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ഉപയോഗിക്കുന്ന ബോർഡുകൾ, ബാനറുകൾ, തുടങ്ങിയവ നിർമ്മിക്കുന്നതിന് പ്ലാസ്റ്റിക്, പി.വി.സി മുതലായ വസ്തുക്കൾ ഉപയോഗിക്കുന്നതിന് പകരം പുനഃചംക്രമണം ചെയ്യാവുന്നതും, പരിസ്ഥിതിക്ക് അനുയോജ്യമായതുമായ പ്രകൃതി സൗഹൃദ വസ്തുക്കൾ മാത്രം ഉപയോഗിക്കേണ്ടതാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2. രാഷ്ട്രീയ പാർട്ടികൾ പ്രചരണത്തിനും, അലങ്കാരത്തിനുമായി ഉപയോഗിക്കുന്ന കൊടി തോരണങ്ങൾ പൂർണ്ണമായും പ്ലാസ്റ്റിക്, പി.വി.സി വിമുക്തമാക്കേണ്ടതാണ്.

3. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഔദ്യോഗിക പരസ്യങ്ങൾ, സൂചകങ്ങൾ, ബോർഡുകൾ തുടങ്ങിയവ പൂർണ്ണമായും കോട്ടൺ, പേപ്പർ, പോളി-എത്തിലിൻ തുടങ്ങിയ പുനഃചംക്രമണം ചെയ്യാൻ കഴിയുന്ന പരിസ്ഥിതി സൗഹാർദ്ദ വസ്തുക്കൾ മാത്രം ഉപയോഗിച്ച് നിർമ്മിക്കുന്നവ മാത്രമേ പ്രചരണ പരിപാടികൾക്ക് ഉപയോഗിക്കുവാൻ പാടുള്ളൂ.

4. പി.വി.സി. ഫ്ലക്സുകൾ, ബാനറുകൾ, ബോർഡുകൾ, പ്ലാസ്റ്റിക് കൊടി തോരണങ്ങൾ എന്നിവ സ്ഥാനാർത്ഥികളും, രാഷ്ട്രീയ പാർട്ടികളും പ്രചാരണത്തിനായി ഉപയോഗിക്കരുത്. പി.വി.സി. പ്ലാസ്റ്റിക് കലർന്ന കൊറിയൻ ക്ലോത്ത്, നൈലോൺ, പോളിസ്റ്റർ, പോളിസ്റ്റർ കൊണ്ടുള്ള തുണി, ബോർഡ് തുടങ്ങി പ്ലാസ്റ്റിക്കിന്റെ അംശമോ, പ്ലാസ്റ്റിക് കോട്ടിങ്ങോ ഉള്ള പുനഃചംക്രമണസാധ്യമല്ലാത്ത എല്ലാത്തരം സാമഗ്രികളുടെയും ഉപയോഗം ഒഴിവാക്കേണ്ടതാണ്.

5. പരാമർശം (3)(4) ഉത്തരവുകളിലെ നിബന്ധനകൾ പാലിച്ച് കൊണ്ട് 100% കോട്ടൺ, പേപ്പർ, പോളി

എത്തിലിൻ തുടങ്ങിയ പുനഃചംക്രമണ സാധ്യമായ വസ്തുക്കൾ ഉപയോഗിച്ച് അച്ചടിക്കുന്ന ബാനറുകളോ, ബോർഡുകളോ മാത്രമേ പ്രചാരണ പരിപാടികൾക്ക് ഉപയോഗിക്കുവാൻ പാടുള്ളൂ.

6. നിരോധിത ഉൽപ്പന്നങ്ങളുടെ ഉപയോഗം കണ്ടെത്തിയാൽ അനുയോജ്യ നിയമ നടപടികൾ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ ആരംഭിക്കേണ്ടതാണ്.

7. രാഷ്ട്രീയ പാർട്ടികളുടെ ഇലക്ഷൻ ഓഫീസുകൾ അലങ്കരിക്കുന്നതിന് പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കേണ്ടതാണ്.

8. പോളിംഗ് ബൂത്തുകൾ സജ്ജമാക്കുമ്പോൾ നിരോധിത പ്ലാസ്റ്റിക് വസ്തുക്കൾ പൂർണ്ണമായും ഒഴിവാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

9. തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുടെ പരിശീലന പരിപാടികളിൽ ഗ്രീൻ പ്രോട്ടോക്കോൾ സംബന്ധിച്ച് ബോധവൽക്കരണം നടത്തേണ്ടതാണ്.

10. എല്ലാത്തരം നിരോധിത പ്ലാസ്റ്റിക് വസ്തുക്കളും, ഡിസ്പോസിബിൾ വസ്തുക്കളും പരമാവധി ഒഴിവാക്കിക്കൊണ്ട് മാലിന്യം രൂപപ്പെടുന്നതിനുള്ള സാഹചര്യം ഒഴിവാക്കേണ്ടതാണ്.

11. പോളിംഗ് ബൂത്തുകൾ/വോട്ടെണ്ണൽ കേന്ദ്രങ്ങൾ എന്നിവയുടെ ക്രമീകരണത്തിനും, ഇലക്ഷൻ സാധന സാമഗ്രികളുടെ കൈമാറ്റത്തിനും പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം പരമാവധി നിയന്ത്രിക്കേണ്ടതാണ്.

12. പോളിംഗ് ഉദ്യോഗസ്ഥരും, ഏജന്റുമാരും ഭക്ഷണ പദാർത്ഥങ്ങൾ, കുടിവെള്ളം മുതലായവ കൊണ്ടുവരുവാൻ പ്ലാസ്റ്റിക് ബോട്ടിലുകളും, കണ്ടെയ്നറുകളും പരമാവധി ഒഴിവാക്കേണ്ടതാണ്.

13. തിരഞ്ഞെടുപ്പിന് ഔദ്യോഗികമായി നൽകുന്ന ഫോട്ടോ വോട്ടർ സ്ലിപ്പ് /രാഷ്ട്രീയ പാർട്ടികൾ നൽകുന്ന സ്ലിപ്പുകൾ എന്നിവ പോളിംഗ് ബൂത്തിന്റെ പരിസരങ്ങളിൽ ഉപേക്ഷിക്കുന്ന പ്രവണത കണ്ടു വരുന്നുണ്ട്. ഇത് ഒഴിവാക്കുന്നതിനായി ഇവ ശേഖരിച്ച് കളക്ഷൻ പോയിന്റുകളിൽ എത്തിച്ച് സ്ക്രാപ്പ് ഡീലേഴ്സിന് കൈമാറാനുള്ള നടപടികൾ ജില്ലാ കളക്ടർമാർ സ്വീകരിക്കേണ്ടതാണ്.

14. പൊതു തിരഞ്ഞെടുപ്പിന് ശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഹരിതകേരള മിഷൻ, ശുചിത്വ മിഷൻ, സന്നദ്ധ സംഘടനകൾ, വിവിധ രാഷ്ട്രീയ പാർട്ടികൾ തുടങ്ങിയവയുടെ സഹായത്തോടെ ഇലക്ഷൻ ക്യാമ്പയിൻ മെറ്റീരിയലുകൾ നീക്കം ചെയ്ത് ശുചീകരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

15. മേൽ നിർദ്ദേശങ്ങൾ അനുസരിച്ച് വിവിധ വകുപ്പുകൾ, ശുചിത്വ മിഷൻ എന്നിവയുടെ ഏകോപനത്തിലൂടെ ഉചിതമായ നടപടികൾ സ്വീകരിച്ച് 2024 ലെ ലോകസഭാ തിരഞ്ഞെടുപ്പ് പരിസ്ഥിതി സൗഹാർദ്ദമായി നടപ്പിലാക്കുവാനുള്ള അധികാരം ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർമാരിൽ നിക്ഷിപ്തമാണ്

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
സഞ്ജയ് എം കൗൾ
SECRETARY & CHIEF ELECTORAL OFFICER

To

എല്ലാ ജില്ലാ ഇലക്ഷൻ ഓഫീസർമാർക്കും/എല്ലാ റിട്ടേണിംഗ് ഓഫീസർമാർക്കും/
എല്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും /എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും

ഉത്തരവിൻ പ്രകാരം

Signed by
Shivlal R V
Date: 15-03-2024 13:58:40

സെക്ഷൻ ഓഫീസർ

# 01.01.2020 മുതൽ സംസ്ഥാനത്തിനകത്ത് നിരോധിച്ച പ്ലാസ്റ്റിക് വസ്തുകൾ

1. ഗാർബേജ് ബാഗുകൾ (പ്ലാസ്റ്റിക്)
   (ബയോ മെഡിക്കൽ മാലിന്യശേഖരണത്തിന് ഉള്ളവ ഒഴികെ)
2. നോൺവുവൺ ബാഗുകൾ*
   [WP(C)No.23089/2022 നമ്പർ കേസിലെ ബഹു. ഹൈക്കോടതിയുടെ 10.01.2023 ലെ വിധിന്യായ പ്രകാരം 60 GSMനു താഴെ*]
3. പ്ലാസ്റ്റിക് ഫ്ളാഗുകൾ
4. പ്ലാസ്റ്റിക് തോരണങ്ങൾ
5. PET/PETE കുടിവെള്ള ബോട്ടിലുകൾ (500ml ന് താഴെയുള്ളവ)
6. എല്ലാ കനത്തിലുമുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകൾ
7. പ്ലാസ്റ്റിക് കോട്ടിംഗ് ഉള്ള പേപ്പർ കപ്പുകൾ, പേപ്പർ പ്ലേറ്റുകൾ, പേപ്പർ ബൗളുകൾ, പേപ്പർ ബാഗുകൾ
8. പ്ലാസ്റ്റിക്, പ്ലാസ്റ്റിക് കോട്ടിങ്ങുള്ള ഇല കൊണ്ടുള്ള പ്ലേറ്റുകൾ
9. പ്ലാസ്റ്റിക് പാക്കറ്റുകൾ (കടകളിലും വഴിയോര കച്ചവടത്തിനും ഉപയോഗിക്കുന്ന പ്ലാസ്റ്റിക് പാക്കറ്റുകൾ)
10. പ്ലാസ്റ്റിക് തൈ ബാഗുകൾ
11. പ്ലാസ്റ്റിക് ഷീറ്റുകൾ (മേശവിരി) ഒറ്റത്തവണ ഉപയോഗിക്കുന്നവ
12. പ്ലാസ്റ്റിക് വാട്ടർ പൗച്ചുകൾ, ബ്രാൻഡഡ് അല്ലാത്ത പ്ലാസ്റ്റിക് ജ്യൂസ് പാക്കറ്റുകൾ
13. തെർമോക്കോൾ, സൈറ്ററോഫോം എന്നിവ ഉപയോഗിച്ചുണ്ടാക്കുന്നപ്ലേറ്റുകൾ, കപ്പുകൾ, അലങ്കാര വസ്തുക്കൾ.
14. പി.വി.സി ഫ്ളക്സ് മെറ്റീരിയലുകൾ, പ്ലാസ്റ്റിക് കോട്ടിങ്ങുള്ള പോളിസ്റ്റർ, നൈലോൺ, കൊറിയൻ തുണികൾ
15. ഒറ്റത്തവണ ഉപയോഗമുള്ള പ്ലാസ്റ്റിക് കപ്പുകൾ, പ്ലേറ്റുകൾ, സ്പൂണുകൾ, ഫോർക്കുകൾ, സ്ട്രോകൾ, ഡിഷുകൾ
16. നിരോധിക്കപ്പെട്ട ഒറ്റത്തവണ ഉപയോഗിക്കാവുന്ന ബയോ ഡീഗ്രേഡബിൾ ഉല്പന്നങ്ങൾ (കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റില്ലാത്തവ)
17. ഓക്സോ ബയോ ഡീഗ്രേഡബിൾ പ്ലാസ്റ്റിക്കുകൾ

മേൽപറഞ്ഞവ സംസ്ഥാനത്ത് പൂർണ്ണമായി നിരോധിച്ചിരിക്കുന്ന സാഹചര്യത്തിൽ അവയുടെ ഉല്പാദനവും വിതരണവും ഉപയോഗവും കർശനമായി നമ്മുടെ സംസ്ഥാനത്ത് തടയുന്നതും പിഴ ഈടാക്കുന്നതുമാണ്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വരുന്ന മേൽപറഞ്ഞ പ്ലാസ്റ്റിക് ഉല്പന്നങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. ഒറ്റത്തവണ ഉപയോഗമുള്ള മേൽ പ്രസ്താവിച്ചിരിക്കുന്ന വസ്തുക്കൾ പൊതുജനങ്ങളുടെ ശ്രദ്ധയിൽപ്പെട്ടാൽ അടുത്തുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലോ മലിനീകരണ നിയന്ത്രണ ബോർഡിന്റെ ജില്ലാ/മേഖലാ ഓഫീസിലോ പരാതിപ്പെടാവുന്നതാണ്.

## കേന്ദ്രതലത്തിൽ 01.07.2022 മുതൽ അധികമായി നിരോധിച്ചവ

കോല്മിഠായി, ഇയർബഡ്സ്, ഐസ്ക്രീം,ബലൂൺ എന്നിവയുടെ പ്ലാസ്റ്റിക് പിടികൾ, മധുരപലഹാരങ്ങൾ, ക്ഷണക്കത്തുകൾ, സിഗരറ്റ് പാക്കറ്റുകൾ ഇവ പൊതിയുന്ന പ്ലാസ്റ്റിക് ഫിലിമുകൾ.